# ആഗോളവൽക്കരണത്തിനെതിരെ സർവോദയമണ്ഡലം

ഗാന്ധിജിയുടെ സ്വദേശി-സ്വരാജ് ദർശനങ്ങളുടെ അടിസ്ഥാനത്തിൽ ആഗോളവൽക്കരണത്തിനെതിരായി നടത്തുന്ന പ്രചരണപരിപാടികളും സത്യാഗ്രഹങ്ങളും നിർമ്മാണാത്മക പ്രവർത്തനങ്ങളും ശക്തമാക്കി പുതിയ തലങ്ങളിലേക്ക് വികസിപ്പിക്കുമെന്ന് കേരള സർവ്വോദയ മണ്ഡലം പ്രവർത്തകർ അറിയിച്ചു.

ഇതിന്റെ ഭാഗമായി മൂന്ന് പരിപാടികൾ ആസൂത്രണം ചെയ്തിട്ടുണ്ട്. കടം വാങ്ങി ധൂർത്തടിക്കുകയും പൊതുമേഖലാ സ്ഥാപനങ്ങളുടെ ഓഹരികൾ സ്വകാര്യമേഖലക്ക് വിറ്റഴിക്കുകയും ചെയ്യുന്ന ഭരണാധികാരികളുടെ നടപടികൾക്കെതിരായിട്ടുള്ള കുട്ടികളുടെ ഒപ്പുശേഖരണ യജ്ഞമാണ് അതിലൊന്ന്. കേരളത്തിന്റെ സുസ്ഥിരവികസനത്തിനായി സ്വാതന്ത്ര്യവും സ്വാശ്രയത്വവും ഉറപ്പുവരുത്തിക്കൊണ്ട് വിവിധ രംഗങ്ങളിൽ ഉണ്ടാകേണ്ട പരിവർത്തനങ്ങൾ സംബന്ധിച്ച മാർഗ്ഗരേഖ തയ്യാറാക്കുകയാണ് മറ്റൊന്ന്. അവസാനമായി ജനുവരിയിൽ കൊച്ചിയിൽ നടക്കുന്ന ഗ്ലോബൽ ഇൻവസ്റ്റ്മെന്റ് മീറ്റിന് ബദലായി സർവ്വോദയമണ്ഡലം ലോക്കൽ ഇൻവസ്റ്റേഴ്സ് മീറ്റ് സംഘടിപ്പിക്കും. ചെറുകിട ഗ്രാമവ്യവസായ രംഗത്തും, പരമ്പരാഗത തൊഴിൽ മേഖലയിലും, കാർഷികരംഗത്തും, വ്യാപാരരംഗത്തും ഗ്രാമതല ജലകീയസംഘങ്ങളിലൂടെ വിവിധ ഉല്പന്നങ്ങളുടെ ഉല്പാദന വിതരണ രംഗങ്ങളിലും ഭൂമി, അദ്ധ്വാനം, മൂലധനം എന്നിവ നിക്ഷേപിച്ച് സാമ്പത്തിക പ്രക്രിയകളിൽ പങ്കാളികളാവുന്നവരുടെ സംഗമമാണ് ഇതുകൊണ്ടുദ്ദേശിക്കുന്നത്. ഈ പരിപാടികളുമായി സഹകരിക്കാൻ താൽപ്പര്യമുള്ള സംഘടനകളും വ്യക്തികളും താഴെ കാണുന്ന വിലാസത്തിൽ ബന്ധപ്പെടണം.

സണ്ണി പൈകട, ജനറൽ സെക്രട്ടറി, കേരള സർവ്വോദയ

മണ്ഡലം, മേലുകാവ്. പി. ഒ, കോട്ടയം

ഫോൺ: 0482-290053